# നമ്പർ വൺ ദേശ് 2025

4 ടീം എ.എൽ.പി.എസ്. ഇരിങ്ങല്ലൂർ.

## അവതാരിക

പറപ്പൂർ പഞ്ചായത്തിലെ മികവുറ്റ ഒരു വിദ്യാലയമാണ് എ.എൽ.പി സ്കൂൾ ഇരിങ്ങല്ലൂർ 1800 കളിൽ സ്ഥാപിതമായി. 1915 മുതൽ എയ്ഡഡ് എലിമെന്ററി സ്കൂളായി പ്രവർത്തിച്ചുവരുന്ന ഈ വിദ്യാലയം വിദ്യാഭ്യാസ മേഖലയ്ക്ക് തന്നെ മാതൃകയായി നിലനിൽക്കുന്നു. ജീവിതത്തിന്റെ നാനാതുറയിലുള്ള നിരവധി പ്രഗത്ഭവതികൾ ഈ വിദ്യാലയത്തിൽ നിന്ന് പുറത്തു പോയവരാണ്.

നാടിന്റെ ഐക്യം കാത്തുസൂക്ഷിക്കാൻ ജനാധിപത്യ മതേതര മൂല്യങ്ങൾ ശക്തിപ്പെടുത്താൻ നമ്മുടെ കുട്ടികൾക്ക് ലോകത്തെവിടെയുമുള്ള ഏതൊരു കുട്ടിക്കും കിട്ടുന്ന മികച്ച വിദ്യാഭ്യാസം ലഭ്യമാക്കാൻ നമുക്ക് ഇനിയും കുറേകൂടി ശക്തിപ്പെടേണ്ടതുണ്ട്, ഐക്യപ്പെടേണ്ടതുണ്ട്. അതിന് ഈ മാസ്റ്റർ പ്ലാൻ സഹായിക്കും അതിന് എന്ന ഉത്തമ വിശ്വാസത്തോടെ...

**അഹമ്മദ് ബഷീർ**
**പിടിഎ പ്രസിഡൻറ്**

**ചന്ദ്രശേഖരൻ ടിവി**
**ഹെഡ്മാസ്റ്റർ**

*ടീം എ.എൽ.പി.എസ് ഇരിങ്ങല്ലൂരിനുവേണ്ടി*

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എ.എൽ.പി.എസ് ഇരിങ്ങല്ലൂർ |
| വിലാസം | : | എ.എൽ.പി.എസ് ഇരിങ്ങല്ലൂർ<br>വേങ്ങര (പി.ഒ) |
| ഫോൺ | : | 0494 245816,[redacted] |
| സ്കൂൾ കോഡ് | : | 15811 |
| വിദ്യാഭ്യാസ ജില്ല | : | തിരൂരങ്ങാടി |
| വിദ്യാഭ്യാസ ഉപ ജില്ല | : | വേങ്ങര |
| റവന്യു ജില്ല | : | മലപ്പുറം |
| ബി.ആർ.സി | : | വേങ്ങര |
| സി.ആർ.സി | : | എ.എം.യു.പി.സ്കൂൾ കുറ്റിത്തറമ്മൽ |
| ഗ്രാമപഞ്ചായത്ത | : | പറപ്പൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | വേങ്ങര |
| ജില്ലാ പഞ്ചായത്ത് | : | മലപ്പുറം |
| നിയമസഭാ മണ്ഡലം | : | വേങ്ങര |
| ലോക സഭാ മണ്ഡലം | : | മഞ്ചേരി |
| താലൂക്ക് | : | തിരൂരങ്ങാടി |
| വില്ലേജ് | : | പറപ്പൂർ |
| ഇ മെയിൽ | : | alpsiringallur@gmail.com |
| വെബ്സൈറ്റ് | : | www.alpsiringallur.com |
| സ്കൂൾ വിക്കി | : | |

# ആമുഖം

മലപ്പുറം ജില്ലയിലെ പറപ്പൂർ ഗ്രാമപഞ്ചായത്തിലെ പുഴച്ചാൽ എന്ന സ്ഥലത്ത് കടലുണ്ടി പുഴയുടെ തീരത്താണ് വിദ്യാലയം. ചരിത്രപരവും ഐതിഹ്യപരവുമായി പെരുമയേറിയ നാടാണ്. പറപ്പൂർ പുഴച്ചാൽ. സകൂളിനരികിലൂടെ ഒഴുകുന്ന കടലുണ്ടിപ്പുഴ മത മൈത്രികയുടെ പ്രതീകമായി അക്കെര പറപ്പൂർ പള്ളിയും ഇക്കരെ എതിർവശത്ത് കാട്ട്യേക്കാവ് ക്ഷേത്രവും .

കാട്ടേക്കാവ് ഭഗവതിയുടെ പൂരവും പള്ളപെരുന്നാളും നാടിന്റെ ഒരുമയുടെ പൂരമാണിവിടെ. അവിടെ അക്ഷര വെളിച്ചവും പേറി എ.എൽ.പി,സ്കൂൾ ഇരിങ്ങല്ലൂർ ഈ വിദ്യാലയത്തിന്റെ കാഴ്ചപ്പാടാണ് ഈ വിദ്യാലയത്തെ നയിക്കുന്നത് . അതിന് വ്യക്തത വരുത്താനാണ്. ലക്ഷ്യ പൂർത്തീകരണത്തിനാണ് ഈ കർമ്മ പദ്ധഥി ഈ സമഗ്ര ആക്കാദമിര് മാസ്റ്റർ പ്ലാൻ. ഇത് പ്രാവർത്തികമാകുന്നതോടെ ഈ നാടിന്റെ ചരിത്രം തന്നെ മാറ്റികുറിക്കപ്പെടും

ഈ വിദ്യാലയം-ജനാധിപത്യ മതേതര മുല്യങ്ങൾ ഉയർത്തിപ്പിടിച്ച് നാടിനെ ശക്തിപ്പെടുത്തുന്ന ഉത്തമ പൗരൻമാരെ വാർത്തെടുക്കുന്ന കർമ്മ മണ്ഡലമായിരിക്കും മികച്ച വിദ്യാലയം. എല്ലാവർക്കും തുല്യതയോടെ മികച്ചവാരത്തിൽ സൗജന്യമായി ലഭ്യമാകുന്നിടമായിരിക്കും ഈ വിദ്യാലയം.

കുട്ടികളെ മികച്ച ആരോഗ്യമുള്ള കായിക ക്ഷമതയുള്ളവരാക്കി മാറ്റുകയാണ് വിദ്യാലയം ലക്ഷ്യമാക്കുന്നത്. സർഗാത്മക കഴിവുകൾ കണ്ടെത്തി വികസിപ്പിക്കലും സംസ്കാര സമ്പന്നമാരായി വളർത്തുകയുമാണ് ഈ വിദ്യാലയം ലക്ഷ്യം വെക്കുന്നത് അതിന് എല്ലാ വർക്കും സൗജന്യ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് എല്ലാ കുട്ടികളിൽ ജനാധിപത്യ മതേതര

മൂല്യങ്ങൾ സാമൂഹിക നന്മയുൾപെടെയുള്ളവ് ഉറപ്പുവരുത്തിയുള്ള മികച്ച വിദ്യാഭ്യാസം എല്ലാവർക്കും നൽകുന്നതിന്....

മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നതിന്.........

അതിനാവശ്യമുള്ള മികച്ച പാശ്ചാത്തല സൗകര്യങ്ങൾ, ഭൗതിക സാഹചര്യങ്ങൾ

ഐസിടി പഠന സൗകര്യങ്ങൾ.......

കുട്ടികളെ മികച്ച ശാസ്ത്ര ബോധമുള്ളവരാക്കുന്നതിന് .....

സർഗാത്മക - കായിക കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി സമയ ബന്ധിതമായി മനസ്സിലാക്കുന്നതിനാണ് ഈ അക്കാദമിക് മാസ്റ്റർപ്ലാൻ. പൊതു വിദ്യഭ്യാസത്തേയും പൊതു വിദ്യാലയങ്ങളെയും നാടിന്റെ നന്മക്കായി മാറ്റിയെടുക്കുന്നതിനാണ് ഈ മാസ്റ്റർ പ്ലാൻ.

ശ്രീ.ബീരാവു സാഹിബ് സിലോണിൽ ബിസിനസായിരുന്നതിനാൽ അദ്ദേഹത്തിന്റെ അനുജൻ ചാലിൽ മുഹമ്മദാണ് സ്കൂളിന്റെ മാനേജരായി പ്രവർത്തിച്ചിരുന്നത്. കുട്ടികൾ ഇല്ലാതിരുന്ന ശ്രീ ബീരാവു സാഹിബ് മരണപ്പെട്ടതിന് ശേഷം സ്കൂൾ പൂർണമായും ശ്രീ ചാലിൽ മുഹമ്മദിന്റേതായി 1992ൽ ശ്രീ ചാലിൽ മുഹമ്മദിൽ നിന്ന് ശ്രീ പി. കെ. ഉസ്മാൻ ഹാജി സ്കൂൾ വാങ്ങി

ഇന്ന് നാടിന്റെ നന്മക്കൊരു വിദ്യാലയം തെളിവായി ഈ വിദ്യാലയം തിളങ്ങി മാതൃകയായി നിൽക്കുന്നു.

166 നഴ്സറി കുട്ടികൾ 1 മുതൽ 4 വരെ 256 കുട്ടികൾ 16 അധ്യാപകർ 3 അധ്യാപകേതര ജീവനക്കാർ 2 സ്കൂൾ ബസുകൾ ഇങ്ങനെ പടർന്നു പന്തലിച്ചു നിൽക്കുന്നു ഈ വിദ്യാലയം

കായിക രംഗത്ത് കലാ രംഗത്ത് അക്കാദമിക രംഗത്ത് ഈ വിദ്യാലയം കേരളത്തിനാകെ മാതൃകയാണ്.

## വിദ്യാലയത്തിന്റെ ചരിത്രം

പറപ്പൂരിന്റെ ചരിത്രവുമായി ബന്ധപ്പെട്ടാണ് എ.എൽ.പി.എസ് ഇരിങ്ങല്ലൂരിന്റെ ചരിത്രവും എന്നു . പറയുന്നതിവിടെ കേട്ടറിവാണ്. വാമൊഴിയായി മാറി മാറി കേട്ട് പറഞ്ഞറിവാണ്. 1800കളുടെ ആദ്യകാലത്ത് വടക്കൻ ദേശത്ത് (കോഴിക്കോട്) നിന്ന് കളക്കമ്പം മൂത്ത കാരണവൻമാർ കാളവാണിഭത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി പറപ്പൂർ ദേശത്തുവന്നു. ക്രമേണ സ്ഥലം വാങ്ങി പറപ്പൂരിൽ താമസമായി. കീഴാറ്റുകുന്നത്ത് തറവാട്. തറവാട്ടിലെ പെൺകുട്ടികൾക്കും മറ്റും പഠിക്കാനായി തറവാട്ടിൽ എഴുത്താശ്ശാനെ താമസിപ്പിച്ച് വിദ്യ നൽകൽ ആരംഭിച്ചു. പൂമുഖത്ത് തറവാട്ടിലെ കുട്ടികൾക്കും പുറത്ത് മറ്റുള്ളവർക്കും ശ്ലോകങ്ങളും ഭാഷയുമാണുപോലും പഠിപ്പിച്ചിരുന്നത്. വരുന്നവർക്ക് കഞ്ഞിയും തോർത്തും നൽകിയിരുന്നുവെന്നാണറിയുന്നത്. വളരെക്കാലം ഈ വിദ്യാലയം തുടർന്നു. കാലം കുടുംബത്തെ ക്ഷയിപ്പിച്ചു. കാരണവന്മാർക്ക് ഈ വിദ്യാലയം തുടരാനായില്ല കുറേക്കാലം വിദ്യാലയം നിശ്ചലമായി

പിന്നീട് നാട്ടിലെ കുട്ടികൾക്ക് വിദ്യാഭ്യാസം കിട്ടുന്നതിനായി എഴുത്തും വായനയും പഠിപ്പിക്കുന്നതിനായി നെച്ചിക്കാട്ട് ബലകൃഷ്ണപ്പണിക്കരും സുഹൃത്തുക്കളും ചേർന്ന് നെച്ചിക്കാട്ട് വീടിനടുത്തായി ഒരു വിദ്യാലയം ആരംഭിച്ചു. ഒറ്റപ്പാലത്തുനിന്നും ശ്രീ നാരയണൻ എഴുത്തച്ഛനേയു കുടുംബത്തേയും കൊണ്ടുവന്നാണ് ഓലഷെഡിൽ മണൽ തറയിൽ വിദ്യാലയം ആരംഭിച്ചത്. 1800കളുടെ അവസാനത്തിൽ എ.എൽ.പി.എസ് ഇരിങ്ങല്ലൂരിന്റെ ജനനം കുറിച്ചു. ഇവിടെ തുടങ്ങുന്നു ചരിത്രഗാഥ. പിന്നീട് ശ്രീ നാരായണ എഴുത്തച്ഛനും കുടുംബവും ഇന്നു സ്കൂൾ പ്രവർത്തിക്കുന്ന സ്ഥലത്ത് സ്ഥലം വാങ്ങി വിദ്യാലയം തുടർന്നു. ജനാ.കെ കമ്മുഹാജിയും മറ്റു പ്രമുഖരും വിദ്യാലയത്തെ സഹായിച്ചുപോന്നു.

ശ്രീ. നാരായണനെഴുത്തച്ഛന്റെ ഭാര്യ അകാലത്തിൽ മരിച്ചു. ദുഃഖിതനായ ശ്രീ നാരായണനെഴുത്തച്ഛൻ സിലോണിൽ ബിസിനസുകാരനായ ശ്രീ ചാലിൽ ബിരാവു സാഹിബിന്റെ സ്കൂൾവിറ്റ് നാട്ടിലേക്ക് മടങ്ങി.

ബ്രിട്ടീഷ് ഭരണം തുക്ടി സായ്‌വിന്റെ വരവും പോകലും 1915 അന്നത്തെ മദ്രാസ് ഗവൺമെന്റ് എഴുത്തു പള്ളികൂടത്തെ അന്നുവരെയുള്ള

എഴുത്തച്ഛന്റെ സ്കൂളിനെ എലിമെന്ററി എയ്ഡഡ് സ്കൂളായി അംഗീകരിച്ചു. ശമ്പളം കൊടുത്തും മറ്റു സഹായങ്ങൾ ചെയ്തും ജ.കെ കമ്മുഹാജിയും സുഹൃത്തുകളും സ്കൂളിനെ നയിക്കാൻ മുന്നിൽ നിന്നു.

# നിലവിലെ അവസ്ഥാ വിശകലനം

## അക്കാദമികം നേട്ടങ്ങൾ

കഴിഞ്ഞ 12 വർഷമായി തുടർച്ചയായി എൽ.എസ്.എസ് കിട്ടുന്നു. പൊതു വിജ്ഞാനം(ഇൻഫോ ലൈറ്റ് മെഗാ ക്വിസ് ) പരിപാടി സബ് ജില്ലാ തലത്തിലും ജില്ലാ തലത്തിലും വലിയ നേട്ടങ്ങൾ ഉണ്ടാക്കാൻ സഹായകമായി. വായന മത്സരത്തിലും മലർവാടി ക്വിസ് മത്സരത്തിലും ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും ഒന്നും രണ്ടും വിജയങ്ങൾ. ഇംഗ്ലീഷിൽ സ്വീറ്റ് ഇംഗ്ലീഷ് എന്ന പ്രോഗ്രാം കുട്ടികളിൽ താൽപ്പര്യവും കമ്മ്യൂണിക്കേഷൻ സ്കില്ലും വളർത്താൻ സഹായകമായി. കുട്ടികളെ മാസത്തിൽ വിലയിരുത്തി അവരുടെ ഗ്രേഡ് രേഖപ്പെടുത്തുന്നതിനുള്ള *ഊതിക്കാച്ചിയ പൊന്ന്* അക്കാദമിക നേട്ടങ്ങളിൽ എടുത്തുപറയേണ്ടതാണ്. ഓരോ ക്ലാസ് മുറികളിലും വായനമൂല (ലൈബ്രറി), ഒഴിവു സമയം കുട്ടികൾക്ക് ലൈബ്രറിയിൽ നിന്നും പുസ്തകങ്ങളെടുത്തു വായിക്കാം. സ്കൂൾ തലത്തിലും വായനപ്പുര ഉണ്ട് അക്ഷര മരം കുട്ടികൾ തന്നെ ഓരോ ദിവസവും ഉണ്ടാക്കുന്നു. ജൈവവൈവിധ്യ പാർക്ക് കുട്ടികളുടെ പരിസരപഠനത്തിന് വളരെയേരെ സഹായകമാണ്. എല്ലാ ക്ലാസ് മുറികളും ഡിജിറ്റലൈസ് ആണ്

- എൽ.എസ്.എസ്
- മലർവാടി
- വായന മത്സരം
- ഇൻഫോ ലൈറ്റ് മെഗാ ക്വിസ് പരിപാടി
- സ്വീറ്റ് ഇംഗ്ലീഷ്
- ഊതിക്കാച്ചിയപൊന്ന്
- വായനമൂല
- വായനപ്പുര
- അക്ഷര മത്സര പദ്ധതി
- ജൈവ വൈവിധ്യ പാർക്ക്
- ചാരിറ്റബിൾ ട്രസ്റ്റ് പ്രവർത്തനം

- മലയാളത്തിൽ എഴുത്തും വായനയും അറിയാത്തവർ വളരെ കുറച്ച് വിരലിലെണ്ണാവുന്നവർ മാത്രം. അതു പരിഗണന അർഹിക്കുന്ന കുട്ടികൾ മാത്രമാണെന്നുള്ളത് ശ്രദ്ധേയം.
- മികച്ച കുട്ടികൾക്കുള്ള ടാലന്റ് സേർച്ച് പ്രോഗ്രാം കൂടുതൽ മികവുറ്റ താക്കാൻ സഹായിച്ചു
- അതാതു ക്ലാസുകളിലെ കരിക്കുലം ശേഷികളും പഠന നേട്ടങ്ങളും ആർജിച്ചവരാണ് കൂടുതൽ കുട്ടികളും
- കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട ഊതികാച്ചിയ പൊന്ന് നിരന്തര മൂല്യ നിർണയത്തിന്റെ ഭാഗമായുള്ള പ്രതിമാസ സി.പി.ടിഎ യോഗങ്ങളിൽ 90% രക്ഷിതാക്കളും പങ്കെടുക്കുന്നുവെന്നത് രക്ഷിതാക്കളുടെ പഠനകാര്യത്തിലുള്ള താൽപര്യമാണ്. അക്കാദമിക കാര്യത്തിൽ രക്ഷിതാക്കളുടെ ഭാഗത്തുനിന്ന് മികച്ച പിന്തുണ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
## ഒറ്റ നോട്ടത്തിൽ

അക്കാദമികം

- വായനെ ശക്തിപ്പെടുത്തൽ
  ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, വായനപ്പുര, ഹൗസ് ലൈബ്രറി, വായനയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, എസ്.ആർ.ജി ശാക്തീകരണം എല്ലാ ക്ലാസും ഒന്നാംതരം

ക്ലാസ് റൂം പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ

- ഐ.സി.ടി ഉപകരണങ്ങൾ വേണ്ടത്ര സ്ഥാപിക്കുക
- പഠനോപകരണങ്ങൾ ലഭ്യമാക്കുക, വായന കാർഡുകൾ
- പദ കാർഡുകൾ,വർക്ക് ഷീറ്റുകൾ, വർക്ക് ബുക്കുകൾ
- പൊന്ന്, വിജയഭേരി, ഊതി കാച്ചിയ പൊന്ന് പരിപാടി

ഗണിതം

- ശാസ്ത്ര ലാബ് സ്ഥാപിക്കൽ, ഫിൽഡ് ട്രിപ്പ് പഠനയാത്രകൾ
- സയൻസ് കോർണർ സ്ഥാപിക്കൽ
- ശിൽപശാലകൾ

ഗണിതത്തിസം

- ഗണിതലാബ്, ഗണിതപഠനോപകരണ ശിൽപശാല
- ചുറ്റുപാട് ഗണിതാന്തരീക്ഷത്തിലാക്കൽ

സർഗാത്മകത

- രചനാ ശിൽപശാലകൾ, നാടകക്കളരി, ബാലസഭ, അഭിമുഖങ്ങൾ, എന്നിവ ,സ്കൂൾ, പത്രം, മാഗസിൻ സ്കൂൾ റേഡിയോ

ഐ.ടി പഠനത്തിന് ഐ.ടി ലാബ്

- ക്ലാസ് റൂം ഡിജിറ്റലൈസ് ചെയ്യൽ, ബ്ലോഗ്

**കലാ കായിക പ്രവർത്തി പരിചയം**

- പരിശീലനങ്ങൾ, സ്കൂൾ മേളകൾ, മത്സരങ്ങൾ - പങ്കാളിത്തം, ഒറിഗാമി ശിൽപശാല, പാചക മത്സരം, പാവനാടകം,നാടൻപാട്ട്, ശിൽപശാല

**സാമൂഹികം**

- സ്കൂൾ ക്ലാസ് സി.പി.ടിഎ പരിപാടികൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ, മദ്യത്തിനെതിരെയുള്ള ക്യാമ്പയിൻ, ഭവന സന്ദർശനം, പൊതു ലൈബ്രറി, പഠനക്കൂട്ടം, റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കൽ

**ആരോഗ്യം ഉച്ചഭക്ഷണം**

- ഉച്ചഭക്ഷണം മികച്ചതാക്കൽ പ്രഭാത ഭക്ഷണം നൽകൽ, മെഡിക്കൽ ക്യാമ്പുകൽ, ആരോഗ്യ കാർഡുകൾ, പകർച്ചാവ്യാധിക്കെതിരെ പ്രതിരോധ ക്യാമ്പയിനുകൾ, കുടിവെള്ളം, ടാങ്ക് സ്ഥാപിക്കൽ, ജലനിധി കണക്ഷൻ

**ഭൗതികം**

ഫർണീച്ചർ, ചുറ്റുമതിൽ, ഗേറ്റ്, മൂത്രപ്പുര, പെയിന്റിംഗ്, മൂത്രപ്പുര, ക്ലാസ്മുറി നവീകരിക്കൽ, അടുക്കള- ഭക്ഷണഹാൾ നവീകരിക്കൽ, സ്റ്റോർ റൂം നവീകരിക്കൽ, മുറ്റം ടൈൽസ് പതിക്കൽ, കമ്പോസ്റ്റ് കുഴി നിർമ്മാണം, ഭക്ഷണ ഹാളിൽ ഫർണീച്ചർ, ഐ.സി.ടി ലാബ് സ്ഥാപിക്കൽ, സി.സി.ടിവി സ്ഥാപിക്കൽ, സൗണ്ട് സിസ്റ്റം, സ്റ്റേജ് നവീകരിക്കൽ, കൈ കഴുകുന്ന സ്ഥലം ടൈൽസ് പതിക്കൽ, ഓഫീസ് റൂം, സ്റ്റാഫ് റൂം നവീകരിക്കൽ, ഡോ. റഫറൻസ് ലൈബ്രറി സ്ഥാപിക്കൽ, ഗണിത ലാബ് , ശാസ്ത്ര ലാബ് സ്ഥാപിക്കൽ, ചിൽഡ്രൻസ് പാർക്ക് നവീകരിക്കൽ, ക്ലാസ് മുറികൾ ഒന്നാംതരമാക്കൽ, നഴ്സറി കുട്ടികൾക്ക് ഫർണീച്ചർ, ജൈവ വൈവിധ്യ പാർക്ക് സ്ഥാപിക്കൽ, കിളികൾക്ക് വെള്ളം സ്ഥാപിക്കൽ

## മേഖല

## ഭാഷാശേഷി വികസനം മലയാളം

**മുഖ്യലക്ഷ്യം**

എല്ലാ ക്ലാസിലും പഠിക്കുന്ന എല്ലാ കുട്ടികളും സ്വതന്ത്രമായി ആശയം ഗ്രഹിക്കുകയും അങ്ങനെ ചെയ്ത് തെറ്റ് കുടാതെ എഴുതുകയും വായിക്കുകയും ചെയ്യുക

**ഉപമേഖല : വായന**

**ലക്ഷ്യം**

- അക്ഷരങ്ങൾ, വാക്കുകൾ, വാക്യങ്ങൾ എന്നിവ തെറ്റുകൂടാതെ എഴുതുവാനും വായിക്കുവാനും പഠിക്കുക
- ആവർത്തിച്ചുള്ള വായനയിലൂടെ തെറ്റുകൂടാതെ ചിഹ്നങ്ങൾ ഉറപ്പിക്കുക
- വായനശീലം വളർത്തുക
- ശൈലികൾ പഴഞ്ചൊല്ലുകൾ എന്നിവ സ്വായത്തമാക്കുക
- പദസമ്പത്ത് വർദ്ധിപ്പിക്കുക

**അടിസ്ഥാന വിശകലനം മികവുകൾ**

- 2 എ, 2ബി ക്ലാസ്സൊഴികെ എല്ലാ ക്ലാസുകളിലും ലൈബ്രറി പ്രവർത്തിക്കുന്നു.
- സ്കൂളിൽ പൊതു വായനപ്പുരം, അധിക കുട്ടികളും ഉപയോഗപ്പെടുത്തുന്നു
- ക്ലാസ് ലൈബ്രറി പുസ്തകങ്ങൾ ഉപയോഗപ്പെടുത്തുന്നവർ ധാരാളമുണ്ട്

**ഭാഷാശേഷി വികാസം മലയാളം**

മലയാളം നമ്മുടെ മാതൃഭാഷയാണ്. ആശയ വിനിമയത്തിനുള്ള പ്രധാന ഉപാധി മാതൃഭാഷയാണ്. ഹൃദയത്തിന്റെ ഭാഷയാണ് മാതൃഭാഷ. മലയാളത്തിൽ എഴുതാനും വായിക്കാനും അറിയുക എന്നത് ഈ കാലഘട്ടത്തിൽ അനിവാര്യമായ ഘടകമാണ്. അതുപോലെ മലയാള ഭാഷയിലുള്ള വിവിധ ആശയ വിനിമയ ശൈലികൾ സ്വായത്തമാക്കുക എന്നതും

പ്രധാന ലക്ഷ്യങ്ങൾ

- എല്ലാ ക്ലാസിലും പഠിക്കുന്ന എല്ലാ കുട്ടികളും സ്വതന്ത്രമായി ആശയം ഗ്രഹിച്ച് തെറ്റു കൂടാതെ വായിക്കുകയും എഴുതുകയും ചെയ്യുക.
- അതാത് ക്ലാസുകളുടെ ഭാഷാ നൈപുണികൾ, കരിക്കുലം ശേഷികൾ, പൂർണമായും സ്വായത്തമാക്കുക
- എല്ലാ കുട്ടികളും വിവിധ തരത്തിലുള്ള സ്വതന്ത്ര രചന-സർഗാത്മക സൃഷ്ടികൾ നടത്തുക .
- നവ മാധ്യമങ്ങളിലൂടെ മികച്ച തരത്തിലുള്ള ആശയ വിനിമയം നടത്താൻ കഴിവുള്ളവരാക്കി മാറ്റും

| | | | | സാമ്പത്തിക വിശകലനം | | |
|---|---|---|---|---|---|---|
| പേരും വിശദാംശങ്ങളും | ലക്ഷ്യം | കാലം | ചുമതല | സംഖ്യ | ഏജൻസി | മോണിറ്ററിംഗ് |
| ഓരോ ക്ലാസിനും അനുയോജ്യമായ തരത്തിലുള്ള സാമഗ്രികൾ ലഭ്യമാ ക്കൽ, അക്ഷര കാർഡുകൾ, വാക്യ ചാർട്ടുകൾ, തുടങ്ങിയ വായന സാമഗ്രികൾ, രക്ഷിതാക്കൾ കുട്ടികൾ അധ്യാപകർ എന്നിവർ ചേർന്ന്, തയ്യാറാക്കി യഥാസമയം ഉപയോഗി ക്കുകയും പുനർ ഉപയോഗത്തിനായി സൂക്ഷിക്കുകയും ചെയ്യുന്നു | വായന മെച്ചപ്പെടുത്തുക അക്ഷരങ്ങൾ വാക്യങ്ങൽ,ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കുക | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | 5000 | എസ്എസ് എ പി.ടിഎ | ക്ലാസ് അധ്യാപകൻ എച്ച്.എം |
| **വിളിപ്പുറത്ത് പുസ്തകം ക്ലാസ് ലൈബ്രറി**<br>നിലവിലുള്ള ക്ലാസ് ലൈബ്രറി വിപുലപ്പെടുത്തുന്നു.<br>ഓരോ ക്ലാസിലേക്കും ക്ലാസിനനുസരിച്ചുള്ള പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക<br>കുട്ടികൾക്ക് പഠനവുമായി ബന്ധപ്പെട്ട് കുട്ടികൾ അധ്യാപകർ എന്നിവരുടെ നേതൃത്വത്തിൽ വിതരണം നടത്തുക | വായന മെച്ചപ്പെടുത്തുക അക്ഷരങ്ങൾ, വാക്കുകൾ വാക്യങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കുക സർഗാത്മക രചനകൾ പരിചയപ്പെടുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകൻ | 20,000 | എസ്.എസ്. എ പി.ടി.എ | ക്ലാസ് അധ്യാപകൻ എച്ച്.എം |
| 2എ, 2 ബി ക്ലാസിൽ പുതിയ ലൈബ്രറി പുതിയ ലഭ്യാമാക്കുക, വായന മത്സരങ്ങൾ കുടുതൽ വായിച്ചവർക്ക് സമ്മാനം നൽകൽ | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| നാട്ടുകൂട്ടം വായന ഹൗസ് ലൈബ്രറി<br><br>കുട്ടികളെയും രക്ഷിതാക്കളെയും സമീപവാസികളെയും വായനയിലേക്ക് നയിക്കുന്നതിന് ഓരോ ഏരിയയിലും താൽപര്യമുളള രക്ഷിതാക്കളുടെ വീടുകളിൽ ഹൗസ് ലൈബ്രറി സംവിധാനം ഒരുക്കുന്നു സമീപത്തുളളവർക്കൂടി വാഹന സൗകര്യം ഒരുക്കുന്നു. നാട്ടുകൂട്ടം വായന മത്സരങ്ങൾ | വായന മെച്ചപ്പെടുതുക സർഗാത്മക രചനകൾ പ്രചരിപ്പിക്കുക | ജൂൺ ജൂലായ് | താൽപ്പര്യ മുളള രക്ഷിതാക്കൾക്കും അധ്യാപകർക്കും | 25,000 | എസ്.എസ്.എ<br><br>പി.ടിഎ സ്പോൺസർ ഷിപ്പ് | എച്ച്.എം |
| വായനപ്പുര വികസനം<br>ഒഴിവു സമയങ്ങളിൽ കുട്ടികൾക്ക് വായന പ്രയോജനപ്പെടുത്തുന്നതിനായി ബാല മാസികകളും ചെറു പ്രസിദ്ധീകരണങ്ങളും കൂടുതൽ ലഭ്യമാക്കുന്നു വായനപ്പുര കേന്ദ്രീകരിച്ചുളള മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | വായന മെച്ചപ്പെടുതുക സർഗാത്മക രചനകൾ പ്രചരിപ്പിക്കുക | താൽപ്പര്യ മുളള രക്ഷിതാക്കൾക്കും അധ്യാപകർക്കും | താൽപ്പര്യ മുളള രക്ഷിതാക്കൾക്കും അധ്യാപകർക്കും | | | |
| | | ജൂൺ ജൂലായ് | | 10,000 | എസ്.എസ്.എ<br><br>പി.ടിഎ സ്പോൺസർ ഷിപ്പ് | എച്ച്.എം |
| വായന മത്സരങ്ങൾ<br>1. വായന കുറിപ്പ് മത്സരങ്ങൾ<br>2. ക്വിസ് മത്സരങ്ങൾ | വായന മെച്ചപ്പെത്തുക ആസ്വാദന തലം വർദ്ധിപ്പിക്കുക | ജൂൺ മുതൽ മാർച്ച് | ക്ലാസ് അധ്യാപകർ | 1000 | എസ്.എസ്.എ<br>പി.ടി.എ | എച്ച്.എം |

| | | | | | | |
|---|---|---|---|---|---|---|
| 3. ചിത്ര വായന മത്സരം<br>4. പൊതു മത്സരങ്ങളിൽ പങ്കെടുക്കുന്നു | | വരെ | | | | |
| **ദിനാചരണങ്ങൾ**<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ഓരോ ക്ലാസിനും അനുയോജ്യമായ പ്രവർത്തനങ്ങൾ നടത്തൽ.<br>പോസ്റ്റർ നിർമ്മാണം, ചോദ്യോത്തരം മത്സരങ്ങൾ, കൊളാഷ്, ഫീൽഡ്ട്രിപ്പ് അനുഭവങ്ങൾ പങ്കുവയ്ക്കൽ<br>ഭീമൻ ചുമർപത്ര നിർമ്മാണം | അക്ഷരങ്ങൾ ചിഹ്നങ്ങൾ വാക്കുകൾ വാക്യങ്ങൾ എന്നിവ ഉറപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ | 2000 | എസ്എസ്എ<br>പി.ടിഎ | എച്ച്.എം |
| പത്ര വായന പത്ര നിർമ്മാണം ഓരോ ക്ലാസ്മുറികളിലും ഓരോ പത്രം ലഭ്യമാക്കും<br>പ്രത്യേക സമയങ്ങൾ കണ്ടെത്തി പ്രധാന വാർത്തകൾ അവതരിപ്പിക്കൽ, സ്കൂൾ വാർത്തകൾ ചേർത്ത് പത്രം നിർമ്മിക്കൽ | വായന മെച്ചപ്പെടുത്തുക<br>പത്രം അറിയുക<br>പത്ര നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ | 10,000 | എസ്എസ്എ<br>പി.ടിഎ | |
| | | | ക്ലാസ് അധ്യാപകർ | | | |
| സ്കൂൾ പത്രം<br>സ്കൂളിലെ പ്രധാന വാർത്തകളും അറിയിപ്പുകളും അടങ്ങിയ പത്രം തയ്യാറാക്കുന്നു. ടേമിൽ ഒന്ന് എന്ന രീതിയിൽ തയ്യാറാക്കുന്നു | റിപ്പോർട്ട് തയ്യാറാക്കൽ സർഗാത്മകം എന്നിവയെ പ്രോൽസാഹിപ്പിക്കൽ | ആഴ്ചയിൽ | ക്ലാസ് ടീച്ചർ തെരെഞ്ഞടുത്ത കുട്ടികൾ | 1000 | പി.ടി.എ | എച്ച്.എം<br>ക്ലാസ് ടീച്ചർ |
| **ചിത്രരചന പ്രദർശനം**<br>1 മുതൽ 4 വരെ ക്ലാസുകളിലെ കുട്ടികളുടെ വിവിധ മേഖലകളിലുള്ള | സർഗാത്മക കഴിവുകളെ പ്രോൽസാഹിപ്പിക്കൽ | വർഷത്തിലൊരിക്കൽ | അധ്യാപകർ | 3000 | പി.ടി.എ | എച്ച്.എം<br>ക്ലാസ് ടീച്ചർ |

| | | | | | | |
|---|---|---|---|---|---|---|
| ചിത്രങ്ങളും കാർട്ടൂണുകളും ഉൾകൊളളിച്ച് പ്രദർശനം നടത്തുന്നു | | | | | | |
| **നാടക കളരി**<br>വായിച്ച കഥകളും പാഠഭാഗങ്ങളും നാടക രൂപത്തിലാക്കാനുള്ള പരിശീലനം നൽകുന്നു. ആവിഷ്കരണം നടത്തുന്നു | ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | മാസത്തിൽ | ക്ലാസ്ടീച്ചർ വിവിധ ഗ്രൂപ്പുകൾ | 5000 | പി.ടിഎ | എച്ച്.എം ക്ലാസ് ടീച്ചർ |
| **പാവനാടക പരിശീലന ശിൽപശാല**<br>പാഠഭാഗങ്ങൾ പാവനാടകങ്ങളായി അവതരിപ്പിക്കുന്നതിനും പാവ നിർമ്മാണത്തിനുള്ള പരിശീലനം നൽകലും അവതരണവും | സർഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കൽ | വർഷത്തിലൊ | അധ്യാപകർ | 5000 | | എച്ച്.എം ക്ലാസ് ടീച്ചർ |
| **നവസാമൂഹ്യ മാധ്യമങ്ങളിലൂടെ കലാ സൃഷ്ടികളുടെ പ്രചരണം**<br>രക്ഷിതാക്കളുടെയും അധ്യാപകരുടെയും പിന്തുണയോടെ സർഗാത്മക കഴിവുകൾ നവ സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്നു പ്രത്യേക സമയം കണ്ടെത്തി ഇതു സജ്ജീകരിക്കുക | സർഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കൽ | വർഷം മുഴുവൻ | അധ്യാപകർ രക്ഷിതാക്കൾ | 5000 | പി.ടി.എ | എച്ച്.എം ക്ലാസ് ടീച്ചർ |
| **അക്ഷര മരം**<br>സ്കൂളിൽ അക്ഷര മരം തയ്യാറാക്കുന്നു ഓരോ ക്ലാസുകളിലും വ്യത്യസ്ത അക്ഷരങ്ങൾ നൽകുന്നു. ഇതുമായി ബന്ധപ്പെട്ട വാക്കുകൾ രൂപീകരിച്ച് അക്ഷര മരത്തിൽ തൂക്കുന്നു<br>1 മുതൽ 4 വരെ ക്ലാസുകളിൽ വ്യത്യസ്ത അക്ഷരങ്ങൾ തൂക്കുമ്പോൾ കുട്ടികൾക്ക് എല്ലാ അക്ഷരങ്ങളും പഠിക്കാൻ അവസരം കിട്ടുന്നു | 1. അക്ഷരങ്ങൾ ചിഹ്നങ്ങൾ വാക്കുകൾ ഉറപ്പിക്കുക<br>2. അനുയോജ്യമായവ തിരിച്ചറിയുക<br>3. ശരിയായ രൂപം തിരിച്ചറിയുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 1000 | പി.ടിഎ | എച്ച്.എം |

| | | | | | | |
|---|---|---|---|---|---|---|
| അക്ഷരമരത്തിലുള്ള അക്ഷരം / വാക്ക് തിരിച്ചറിഞ്ഞുള്ള കളികൾ | | | | | | |
| **പൊന്ന് വിജയഭേരി**<br>പിന്നാക്കകാർക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനായി മലയാള തിളക്കം പ്രവർത്തിക്കുന്നു.<br>കൂടാതെ എല്ലാ ബുധനാഴ്ചയും വെള്ളിഴായ്ചയും എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും വാക്കുകളും വാക്യങ്ങളും ഉറപ്പുവരുത്തുന്നതിനായി പൊന്ന് വിജയഭേരി നടത്തുന്നു.<br>ഐസിടി സാധ്യത കൂടി ഉൾപ്പെടുതിയിട്ടുള്ള പഠന പ്രവർത്തനം | വായന മെച്ചപ്പെടുത്തുക അക്ഷരങ്ങൾ ചിഹ്നങ്ങൾ വാക്കുകൾ വാക്യങ്ങൾ എന്നിവ ഉറപ്പിക്കുക | ജൂൺ മുത്ല മാർച്ച് വരെ | ക്ലാസ് അധ്യാപക ർ | 1000 | എസ്എസ് എ<br>പി.ടിഎ | |
| **ചിത്ര വായന**<br>അക്ഷരങ്ങളും വാക്കുകളും ഉറപ്പിക്കുന്നതിനായി ചിത്ര വായനകൾ സംഘടിപ്പിക്കുന്നു<br>പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചിത്ര കാർഡുകൾ ക്ലാസുകളിൽ എത്തിക്കുക | അക്ഷരങ്ങൾ വാക്കുകൾ ഉറപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപക ർ | 5000 | എസ്.എസ്. എ<br>പി..ടി.എ | |

## ഭാഷാ ശേഷി വികസനം മലയാളം

**ലക്ഷ്യം 2**

അതാത് ക്ലാസുകളുടെ ഭാഷാനൈപുണികൾ കരിക്കുലം ശേഷികൾ പൂർണമായും സ്വായത്തമാക്കുക

**ഉപമേഖല വായന**

1. കഥാ രചന, കവിതാ രചന, സംഭാഷണം വിവരണം, ഡയറി എഴുത്ത്, പോസ്റ്റർ തുടങ്ങിയവ സ്വന്തമായി എഴുതാനുള്ള കഴിവ്
2. ആവർത്തിച്ചുള്ള പ്രവർത്തനത്തിലൂടെ ശേഷികൾ സ്വായത്തമാക്കുക
3. പതിപ്പ് നിർമ്മാണം, സർഗാത്മക രചനകളിൽ ഏർപ്പെടൽ, അവസരമൊരുക്കൽ
4. വായനാസമാഗ്രികളുടെ നിർമ്മാണം
5. സമഗ്രമായ പ്ലാനിംഗ്
6. പോർട്ട് ഫോളിയോ രക്ഷിതാകൾക്ക്

**അവസ്ഥാ വിശകലനം മികവുകൾ**

1. സമഗ്രമായ പ്ലാനിംഗിലൂടെ മികവുറ്റ അധ്യാപകരുടെ ക്ലാസ്
2. സ്കൂളി പ്രത്യേകമായി ടി.എം
3. അധികം കുട്ടികൾക്കും വിവിധ തരം ശേഷികൾ തിരിച്ചറിയാൻ സാധിക്കുന്നു
4. ഓരോ ക്ലാസിലും ദൃശ്യ മാധ്യമം ലെഡ് ടീവി ഉപയോഗപ്പെടുത്തുന്നു
5. ശിൽപശാലകൾ നാടക കളരികൾ,മേളകൾ എന്നിവ നടത്താൻ സജ്ജരായ ഒരു കൂട്ടം രക്ഷിതാക്കളും അധ്യാപകരും പിടിഎ പ്രവർത്തകരും

**അവസ്ഥാ വിശകലനം കുറവുകൾ**

1. 1 മുതൽ 4 ക്ലാസുകളിൽ കുറച്ചുകുട്ടികൾക്ക് കരിക്കുലം ശേഷികൾ തിരിച്ചറിയാൻ പ്രയാസം നേരിടുന്നു.
2. 1 മുതൽ 4 വരെ ക്ലാസുകളിൽ കുറച്ചു കുട്ടികൾ തൃപ്തികരമായി ആശയം ഗ്രഹിച്ച് എഴുതാൻ അറിയാത്തവരാണ്.

3. ഈ കുട്ടികളുടെ വീടുകളിൽ രക്ഷിതാക്കൾക്ക് പഠനസാഹചര്യം ഒരുക്കാൻ സാധിച്ചിട്ടില്ല.
4. 1 മുതൽ 4 വരെ ക്ലാസുകളിൽ കുറച്ച് കുട്ടികൾ അക്ഷരം അറിയാത്തവരാണ്.
5. 1 മുതൽ 4 വരെ ക്ലാസുകളിൽ കുറച്ചുകുട്ടികൾ തൃപ്തികരമായി ആശയം ഗ്രഹിച്ച് വായിക്കാൻ അറിയാത്തവരാണ്.
6. 1 മുതൽ 4 വരെ ക്ലാസുകളിൽ കുറച്ചു കുട്ടികൾക്ക് വായനശീലം ഇല്ല
7. നിരവധി കുട്ടികളുടെ രക്ഷിതാക്കൾക്ക് താൽപര്യമില്ല. അവർ പുസ്തകങ്ങൾ കുട്ടികൾക്ക് വാങ്ങി നൽകാറില്ല. വായിക്കാൻ പ്രേരിപ്പിക്കാറില്ല.
8. വേണ്ടത്ര സാഹചര്യം വീട്ടിൽ ഇല്ലാത്ത കുട്ടികൾ ഉണ്ട്. പകുതി കുട്ടികളുടെ വീടുകളിലും പത്രമില്ല.
9. ഐ.ഇ.ഡി.സി. വിഭാഗത്തിൽപ്പെട്ട 3 കുട്ടികൾ വായിക്കാൻ കഴിയാത്തവരാണ്

## ഭാഷാശേഷി വികസനം

## ഇംഗ്ലീഷ്

ലക്ഷ്യങ്ങൾ

1. എല്ലാ ക്ലാസിലും പഠിക്കുന്ന എല്ലാ കുട്ടികളും സ്വതന്ത്രമായി ആശയം ഗ്രഹിച്ച് തെറ്റ് കൂടാതെ എഴുതുകയും വായിക്കുകയും ചെയ്യുന്നു
2. അതത് ക്ലാസിലെ ഇംഗ്ലീഷ് ഭാഷാ നൈപുണികൾ സ്വായത്തമാക്കുക
3. ഇംഗ്ലീഷിൽ സ്വതന്ത്രമായി സംസാരിക്കുക
4. എല്ലാ കുട്ടികളും വിവിധ തരത്തിലുള്ള സ്വതന്ത്ര രചന / സർഗാത്മക സൃഷ്ടികൾ നടത്തുന്നു
5. ഇംഗ്ലീഷ് ഭാഷയേയും സാഹിത്യത്തേയും ഇഷ്ടപ്പെടുക
6. പദസമ്പത്ത് - ഗ്രാമർ
7. ഇംഗ്ലീഷ് പത്രം, ആനുകാലിക എന്നിവ ഇഷ്ടത്തോടെ വായിക്കുക

മേഖല : **ഭാഷാശേഷി വിശഖലനം ഇംഗ്ലീഷ്**

**ലക്ഷ്യം 1 : എല്ലാ കുട്ടികൾക്കും എഴുതാനും വയനയും അറിയുക**

**അവസ്ഥ വിശകലം കുറവുകൾ**

1. 1 മുൽ 4 വരെ ക്ലാസുകളിൽ 5% ത്തോളം കുട്ടികൾക്ക് ഇംഗ്ലീഷ് അക്ഷരമാല അറിയാത്തവരാണ്
2. 1 മുതൽ 4 വരെ ക്ലാസുകളിലെ 30 % ത്തോളം കുട്ടികളിൽ ആശയം ഗ്രഹിച്ച് വായിക്കാൻ അറിയാത്തവരാണ്
3. 20% കുട്ടികൾക്ക് വായനശീലനം ഇല്ല
4. 30% കുട്ടികൾക്ക് വീട്ടിൽ സാഹചര്യമില്ല
5. ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ കുറവാണ്

## ഗണിത ശേഷി വികസനം

### ലക്ഷ്യങ്ങൾ

- 1 മുതൽ 4 വരെ ക്ലാസിലെ മുഴുവൻ കുട്ടികളും അതാത് ക്ലാസിലെ ഗണിത ശേഷികൾ പൂർണമായും നേടിയിട്ടുണ്ട് എന്നു ഉറപ്പു വരുത്തുക
- പ്രായത്തിനനുസരിച്ച് നിത്യ ജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ പൂർണമായും പരിഹരിക്കാൻ മുഴുവൻ കുട്ടികളും കഴിവുളളവരായിരിക്കുക
- കുട്ടികൾ ഗണിത ഗ്രന്ഥങ്ങൾ താൽപര്യപൂർവ്വം വായിക്കുന്നവരും കൊച്ചു ഗണിത ശാസ്ത്രജ്ഞരെ കുറിച്ച് അറിവുളളവരും ആയിരിക്കും
- ഒരു കുട്ടിയും ഗണിതത്തെ വെറുപ്പോടെ കാണരുത് മുഴുവൻ കുട്ടികളും ഗണിത പഠനത്തിൽ താൽപര്യമുളളവരായിരിക്കുക
- ഒന്ന് മുതൽ നാലുവരെ ക്ലാസുകളിൽ ഒരു കുട്ടിയും ഗണിതത്തിൽ പിന്നാക്കം നിൽക്കുന്നവരായി അല്ലാതിരിക്കുക
- കുട്ടികളിൽ കുറച്ചു പേരെങ്കിലും പുതിയ ഗണിതാശയങ്ങൾ കണ്ടെത്താൻ കഴിവുളളവരായിരിക്കുക. അവ നവ മാധ്യമങ്ങൾ വഴി വിനിമയം ചെയ്യാൻ പ്രാപ്തരായിരിക്കുക

മേഖല

## ഗണിത ശേഷി വികാസം

**ലക്ഷ്യം :**

1 ഒന്നു മുതൽ 4 വരെ ക്ലാസുകളിലെ മുഴുവൻ കുട്ടികളും അതാതു ക്ലാസിലെ ഗണിത ശേഷി പൂർണമായും നേടിയിട്ടുണ്ട്. എന്ന് ഉറപ്പ് വരുത്തുക

**അവസ്ഥ വിശകലനം**

**കുറവുകൾ**

- ഒന്ന്, രണ്ട് ക്ലാസുകളിലെ കുറച്ച് കുട്ടികളെങ്കിലും സംഖ്യാബോധം ഇല്ലാത്തവരാണ്.
- ചില കുട്ടികൾക്ക് ചതുഷ്ക്രിയകൾ സ്വന്തമായി ചെയ്യാൻ അറിയില്ല

**അവസ്ഥ വിശകലനം**

**മികവുകൾ**

- ഒന്ന് മുതൽ നാല് വരെ ക്ലാസിലെ കൂടുതൽ പേരും ഗണിതത്തിൽ താൽപര്യം കാണിക്കുന്നു
- എല്ലാ ക്ലാസിലും മെച്ചപ്പെട്ട രീതിയിൽ ഉൽപന്നങ്ങളും പഠനോപകരണങ്ങളും കുട്ടികൾ തയ്യാറാക്കുന്നു

മേഖല

ഗണിത ശേഷി വികാസം

ലക്ഷ്യം :

1 ഒന്നു മുതൽ 4 വരെ ക്ലാസുകളിലെ മുഴുവൻ കുട്ടികളും അതാതു ക്ലാസിലെ ഗണിത ശേഷി പൂർണമായും നേടിയിട്ടുണ്ട്. എന്ന് ഉറപ്പ് വരുത്തുക

**അവസ്ഥ വിശകലനം**

**കുറവുകൾ**

- ഒന്ന്, രണ്ട് ക്ലാസുകളിലെ കുറച്ച് കുട്ടികളെങ്കിലും സംഖ്യാബോധം ഇല്ലാത്തവരാണ്.
- ചില കുട്ടികൾക്ക് ചതുഷ്ക്രിയകൾ സ്വന്തമായി ചെയ്യാൻ അറിയില്ല

**അവസ്ഥ വിശകലനം**

**മികവുകൾ**

- ഒന്ന് മുതൽ നാല് വരെ ക്ലാസിലെ കൂടുതൽ പേരും ഗണിതത്തിൽ താൽപര്യം കാണിക്കുന്നു
- എല്ലാ ക്ലാസിലും മെച്ചപ്പെട്ട രീതിയിൽ ഉൽപന്നങ്ങളും പഠനോപകരണങ്ങളും കുട്ടികൾ തയ്യാറാക്കുന്നു

## മേഖല ശാസ്ത്രം : അക്കാദമികം

ലക്ഷ്യം: ലഘു പരീക്ഷണത്തിൽ ഏർപ്പെട്ട നിഗമനങ്ങൾ രൂപപ്പെടുത്തി അതുവിനിമയം ചെയ്യാനും അതു പ്രാവർത്തികമാക്കാനുമുള്ള ശേഷികൾ ഉണ്ടാകുന്നതിന്

**അവസ്ഥാ വിശകലനം കുറവുകൾ**

- സ്വന്തമായി പരീക്ഷണം നടത്തി പ്രശ്നം പരിഹരിക്കാനുള്ള കഴിവില്ലായ്മ
- ഗ്രൂപ്പ് പ്രവർത്തനങ്ങളിൽ പങ്കാളിയാകാനുള്ള മടി
- പരീക്ഷണത്തിൽ നിന്നും കണ്ടെത്തിയ കാര്യങ്ങൾ നിത്യ ജീവിതത്തിൽ എങ്ങനെ നിത്യ ജീവിതത്തിൽ പ്രയോജനപ്പെടുത്താമെന്നുള്ള ധാരണക്കുറവ്

**അവസ്ഥ വിശകലനം മികവുകൾ**

- പരിക്ഷണങ്ങൾ ശാസ്ത്ര പഠനത്തിന് താൽപര്യം ഉണർത്തുന്നു
- ഇത്തരം പ്രവർത്തനങ്ങൾ വഴി കുട്ടികളിൽ സംഘബോധം ഉണ്ടാക്കുന്നു

ലക്ഷ്യം : അക്കാദമികം ശാസ്ത്രം

ലക്ഷ്യം ; ശാസ്ത്ര തത്വങ്ങൾ അംഗീകരിക്കാനും ശാസ്ത്രജ്ഞൻമാരെ ബഹുമാനിക്കാനും ശാസ്ത്രം നിത്യ ജീവിതത്തിൽ പ്രായോഗിക്കാനുമുള്ള ശേഷി ഉണ്ടാക്കുക

**അവസ്ഥാ വിശകലനം കുറപ്പുകൾ**

- ശാസ്ത്രജ്ഞൻമാരെകുറിച്ചും കുട്ടികൾക്ക് ധാരണ വളരെ കുറവാണ്
- ശാസ്ത്രജ്ഞൻമാരെ കുറിച്ചുള്ള പുസ്തകങ്ങളുടെ കുറവ്

**അവസ്ഥാ വിശകലനം മികവുകൾ**

- ശാസ്ത്ര ക്വിസുകൾ സംഘടിപ്പിക്കാറുണ്ട്
- ശാസ്ത്രമേളയും ശാസ്ത്ര പ്രദർശനവും വർഷം തോറും നടത്തുന്നു

മേഖല : **സാമൂഹികം**

ലക്ഷ്യം : സമൂഹത്തിന്റെ ,രക്ഷിതാക്കളുടെ ക്രിയാത്മകമായ പങ്കാളിത്തവും പിന്തുണയും ഉറപ്പാക്കൽ

**അവസ്ഥാ വിശകലനം**

**മികവുകൾ**

- വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുവാൻ കഴിയുക
- വിവിധ മേഖലകളിലുള്ള രക്ഷിതാക്കളുടെ സഹായത്തോടെ കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുക

**കുറവുകൾ**

- കഴിവുള്ളതും താൽപര്യമുള്ള രക്ഷിതാക്കളുടെ എണ്ണം കുറവാണ്
- നല്ലൊരു പങ്ക് കുട്ടികളുടെ പിതാക്കൻമാർ സ്ഥലത്തില്ലാത്തതാണ്